## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *239 09.03.2018-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭക്ഷണം നൽകാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി<br>ഡോ.എം. കെ. മുനീർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, ടി.എ.അഹമ്മദ് കബീർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി മേഖലകളിൽ ദാരിദ്ര്യവും പട്ടിണിയും നിലനിൽക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദിവാസി മേഖലകളിൽ വ്യാപകമായി ദാരിദ്ര്യവും പട്ടിണിയും നിലനിൽക്കുന്നു എന്ന് പറയുന്നത് ശരിയല്ല. |
| ബി) | ആദിവാസികളുടെ സംരക്ഷണത്തിനും ഭക്ഷണത്തിനുമായി മുൻസർക്കാർ നടപ്പിലാക്കിയ സാമൂഹിക അടുക്കള പദ്ധതി നിലവിലുണ്ടോ; | ബി) | അട്ടപ്പാടി മേഖലയിലുണ്ടായ നവജാത ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ പോഷകാഹാരക്കുറവു പരിഹരിക്കുന്നതിനായി ആരംഭിച്ച ഒരു പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൻ. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ എന്ന പദ്ധതി 2013 സെപ്റ്റംബർ 7-ാം തീയതി മുതൽ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്റ്റിന് കീഴിൽ അങ്കണവാടികളിലായി ആരംഭിച്ചു. ഐ.സി.ഡി.എസ് ഗുണഭോക്താക്കൾക്ക് പുറമെ ഭിന്നശേഷിയുള്ളവർക്കും കിടപ്പിലായ വർക്കും വൃദ്ധർക്കുമായി ഈ പദ്ധതി വിപുലീകരിച്ചു നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 53 എണ്ണമാണ് പ്രവർത്തിച്ചിരുന്നത്. ഈ സർക്കാർ 189 ഊരുകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ഇപ്പോൾ അട്ടപ്പാടിയിലെ 193 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | മൂന്നുനേരവും ഊരുകളിൽ ഭക്ഷണം നൽകുന്ന പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ അട്ടപ്പാടിയ്ക്കു പുറമെ വയനാടിലെ പട്ടികവർഗ്ഗ മേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ പരിപാടി വ്യാപിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ